**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2425 12.02.2020-ലെ മറുപടിയ്ക്ക്

**സ്പോർട്സ് കൗൺസിലിന്റെയും യുവജനക്ഷേമ ബോർഡിന്റെയും വിവിധ പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. കെ. ശശീന്ദ്രൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സ്പോർട്സ് കൗൺസിലിന്റെയും യുവജനക്ഷേമ ബോർഡിന്റെയും ആഭിമുഖ്യത്തിൽ ഈ സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കുന്ന വിവിധ പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ; | (എ) | സ്കൂൾ തലം മുതൽ കായിക പ്രതിഭകളെ കണ്ടെത്തി വളർത്തിയെടുക്കുന്നതിനായി സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ഓപ്പറേഷൻ ഒളിമ്പ്യ.<br>2020,2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ടി കായിക ഇനങ്ങളിൽ ആർച്ചറിയും ഷൂട്ടിംഗും ഒഴികെയുള്ള 9 കായികയിനങ്ങൾ ആദ്യഘട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്.<br>ടി കായികയിനങ്ങളിൽ അന്തർദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായിക ഇനങ്ങളായ റോവിംഗ്, ഫെൻസിംഗ്, |

| | | | |
|---|---|---|---|
| | | | അത്ലറ്റിക്സ്, ബോക്സിംഗ് & ബാഡ്മിന്റൺ എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും, ബാക്കിയുള്ള കായികയിനങ്ങളായ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്.<br>കൂടാതെ സംസ്ഥാന യുവജനനയത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക എന്നതാണ് യുവജനക്ഷേമ ബോർഡിന്റെ ചുമതല, കേരളോത്സവം, ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ആർട്ട് ഡി ടൂർ, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, സാഹിത്യ ക്യാമ്പ്, യുവ മാധ്യമ പ്രവർത്തക ക്യാമ്പ്, ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലചിത്ര ക്യാമ്പ്, യൂത്ത് എക്സിബിഷൻ, സാഹസിക പ്രവർത്തനങ്ങൾ, വനിതാ ശിൽപശാല, പി.എസ്.സി, പരിശീലനം, പരിസ്ഥിതി ദിനാചരണം, മഴക്കാല ബോധവൽക്കരണം, യുവജനദിനാചരണം, സംരംഭകത്വ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം, നാടൻകലാമേള, കളരിപ്പയറ്റ് പഠനം,സ്വയംതൊഴിൽ ബോധവൽക്കരണ ക്യാമ്പയിനുകൾ, വ്യക്തിത്വ വികസന പരിശീന ക്യാമ്പ്, ഗോത്രവർഗ്ഗ യുവതികൾക്കായുള്ള ശിൽപശാല, ചിത്രരചനാ ക്യാമ്പ്, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, സ്പോർട്സ് കിറ്റ് വിതരണം, ജെൻഡർ പ്രോജക്ട്, കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷാ ട്രെയിനിംഗ്, അമച്വർ നാടകോത്സവം, ഷോർട്ട് ഫിലിംവെസ്റ്റിൽ, മണിനാദം നാടൻ പാട്ട് മത്സരം, സെവൻസ് ഫുട്ബോൾ ടൂർണമെന്റ്, |

| | | | |
|---|---|---|---|
| | | | എന്നിവയാണ് യുവജനക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മേൽപറഞ്ഞ വകുപ്പുകളുടെ കീഴിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ/പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | കേരളത്തിലെയുവജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായുള്ള വിവിധ പദ്ധതികളും പ്രവർത്തനങ്ങളുമാണ് കേരള സംസ്ഥാന യുവജനക്ഷേമബോർഡ് നടപ്പിലാക്കി വരുന്നത്. ബോർഡിന്റെ വയനാട് ജില്ലായുവജനകേന്ദ്രം മുഖേന 2016 മുതൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ ചുവടെചേർക്കുന്നു.<br>1) കേരളോത്സവം<br>2) പരിസ്ഥിതി ദിനാചരണം<br>3) യുവജനസാമൂഹ്യ പ്രതിബദ്ധതാ പദ്ധതി<br>4) ജീവദായനി (രക്തദാന ക്യാമ്പ്)<br>5) സ്പോർട്സ് കിറ്റ് വിതരണം (ക്ലബ്ബ്/സ്കൂളുകൾക്ക്)<br>6) ദേശീയയുവജനദിനാചരണം<br>7) വനിതാശിൽപ്പശാല<br>8) മാധ്യമ ക്യാമ്പ്<br>9) എസ്.എസ്.എൽ.സി,പ്ലസ് ടു ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിക്കൽ<br>10) യുവാക്ലബ്ബ് രൂപീകരണവും പ്രവർത്തനങ്ങളും (പിന്നോക്കമേഖലകളിലും, ആദിവാസികോളനികൾ കേന്ദ്രീകരിച്ചും ക്ലബ്ബുകളുടെ രൂപീകരണം)<br>11) പി.എസ്.സി പരീക്ഷാ പരിശീലന പരിപാടി<br>12) സ്പോർട്സ് ക്വിസ്<br>13) വേൾഡ് കപ്പ് ഫുട്ബോൾ ബിഗ്സ്ക്രീൻ പ്രദർശനം<br>14) കേരള വോളണ്ടറിയൂത്ത് ആക്ഷൻ ഫോഴ്സ് പരിശീലന പരിപാടി (തിരുവനന്തപുരം) |

| | | | |
|---|---|---|---|
| | | | 15) യുവജനദിനാചരണക്വിസ്<br>16) കേരള വോളണ്ടറിയൂത്ത് ആക്ഷൻ ഫോഴ്സ് പരിശിലന പരിപാടി (തിരുവനന്തപുരം)<br>17) കേരള വോളണ്ടറിയൂത്ത് ആക്ഷൻ ഫോഴ്സ് പരിശീലന പരിപാടി (മൂന്നാർ)<br>18) മാധ്യമസെമിനാർ<br>19) ഗാന്ധിജയന്തി ദിനാചരണം<br>20) നാടൻപാട്ട് മത്സരം (പഞ്ചായത്ത് തലം)<br>21) മണിനാദം നാടൻപാട്ട് മത്സരം<br>22) ജില്ലാതല സെവൻസ് ഫുട്ബോൾ ടൂർണമെന്റ്<br>23) സ്കൂൾ പരിസരശുചീകരണ പരിപാടി<br>24) കെ.എ.എസ് പരീക്ഷാ പരിശീലനം<br>25) യൂത്ത് ക്ലബ്ബ് അവാർഡ് - ജില്ലാതലം<br>വയനാട് ജില്ലയിൽ യുവജനക്ഷേമബോർഡ് അഫിലിയേറ്റ് ചെയ്ത് പ്രവർത്തിച്ച് വരുന്ന 267 യൂത്ത് ക്ലബ്ബുകളും, 41 യുവാക്ലബ്ബുകളും വഴിയും മേൽ പറഞ്ഞ പ്രവർത്തനങ്ങളിൽ ഭാഗമായിട്ടുണ്ട്.<br>കൂടാതെ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വയനാട് ജില്ലയിൽ കൽപ്പറ്റ ജില്ലാ സ്പോർട്സ് അക്കാഡമി, ആർച്ചറി സ്പോർട്സ് അക്കാഡമി, സെന്റ് മേരീസ് കോളേജ് സ്പോർട്സ് അക്കാഡമി, സെന്റ് മേരീസ് സ്കൂൾ സ്പോർട്സ് അക്കാഡമി എന്നിവ പ്രവർത്തിച്ച് വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ പുതിയ പദ്ധതി/ പ്രവർത്തനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**